(സി) ഭരണ നവീകരണ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ഉത്തരം 'എ'-യിൽ വിശദമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ സർക്കാരിന്റെ പ്രധാന ജാലികയായ www.kerala.gov.in-ലും ഭരണ നവീകരണ പരിപാടിയുടെ ജാലികയായ www.keralamgp.org-ലും ലഭ്യമാണ്.

(ഡി) ഭരണ നവീകരണ പരിപാടിക്കായി 2002-2003 സാമ്പത്തിക വർഷം 240,27,28,858 രൂപ ചെലവായിട്ടുണ്ട്.

(ഇ) മൊത്തം ചിലവായ തുകയുടെ ബജറ്റ് ശീർഷകം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ വരുത്താനുദ്ദേശിക്കുന്ന നയമാറ്റം

*25 [25] ഡോ. തോമസ് ഐസക്:
ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലുണ്ടായ ജനവിധിയുടെയും പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പൊതു മിനിമം പരിപാടിയുടെയും അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ സംസ്ഥാന സർക്കാർ തുടർന്നു വരുന്ന നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനകം ഓരോ മേഖലകളിലും എന്തെല്ലാം മാറ്റം വരുത്താനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ പിന്തുടർന്നു വരുന്ന സാമ്പത്തിക നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതു സംബന്ധിച്ചും അവ വിൽക്കുന്നതിനായി നിയോഗിക്കപ്പെട്ട ആർ. സി. ചൗധരി കമ്മീഷനെ സംബന്ധിച്ചും തെരഞ്ഞെടുപ്പ് വിധിയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ—ഇ) പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾ ആവിഷ്ക്കരിക്കുന്ന കർമ്മ പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ നയ പരിപാടികളിൽ മാറ്റം വരുത്തേണ്ട മേഖലകളിൽ മാറ്റം വരുത്തുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly